39

നം.C2/13797/2014

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം - 695 004
ഫോൺ: 0471-2445749, 2445799
e-mail: dddtvm@gmail.com
തീയതി 26.10.2018

## സർക്കുലർ നം.41/2018

വിഷയം:- ക്ഷീര വികസന വകുപ്പ്- പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾ മുൻകൂർ അനുമതിയില്ലാതെ വസ്തുവാങ്ങൽ/കെട്ടിടം പണിയൽ-കേരള സഹകരണ സംഘം ചട്ടം 54(1) ലെ വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുന്നതിന് മൂല്യനിർണ്ണയ സമിതി രൂപീകരിക്കുന്നത് – സംബന്ധിച്ച്

സൂചന:- 1. ക്ഷീര വികസന വകുപ്പ്ഡയറക്ടറുടെ 01.08.2018-ലെ ഇതേ നമ്പർ കത്ത്.
2. സർക്കാരിന്റെ 26.09.2018 ലെ 117/ഡി2/2018/ഡി.ഡി നമ്പർ കത്ത്

ക്ഷീര വികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ മുൻകൂർ അനുമതി കൂടാതെ വസ്തു വാങ്ങിയതിനും കെട്ടിടം നിർമ്മിച്ചതിനും അംഗീകാരം നൽകുന്നതിലേക്കായി നിരവധി അപേക്ഷകൾ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ശുപാർശയോടെ ലഭിച്ചുവരുന്നു. എന്നാൽ ഇക്കാര്യം പരിശോധിച്ചപ്പോൾ ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിനേക്കാൾ ഉയർന്ന വിലയാണ് സംഘം ചെലവഴിച്ചിട്ടുള്ളത് എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ നിയമം ചട്ടം 54-ൽ അനുശാസിക്കുന്ന പ്രകാരം അംഗീകാരം നൽകാൻ കഴിയാത്തതിനാൽ സഹകരണ നിയമം വകുപ്പ് 101 പ്രകാരം ഇളവനുവദിച്ചുകൊണ്ട് സർക്കാരിന്റെ അനുമതിക്കായി അപ്രകാരം ലഭിച്ച അപേക്ഷകൾ ഈ ഓഫീസിൽ നിന്നും നൽകുകയുണ്ടായി. മുൻകൂർ അനുമതി വാങ്ങാതെ ആസ്തി സൃഷ്ടിച്ചശേഷം അനുമതി നടപടികൾ ക്രമീകരിക്കാത്തതുകൊണ്ടാണ് ഇപ്രകാരം സംഭവിക്കുവാനിടയായിട്ടുള്ളത്. ഇതുവരെ ഇപ്രകാരം ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ആർജ്ജിച്ച ആസ്തിയുടെ മൂല്യനിർണ്ണയം നൽകുന്നത് സംബന്ധിച്ച സൂചന (1) കത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ഇക്കാര്യത്തിൽ സഹകരണ

B.30.10.18

വകുപ്പ് സ്വീകരിച്ചിട്ടുള്ള മാതൃകയിൽ ഒരു മൂല്യനിർണ്ണയ സമിതി താഴെ പറയും പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ കൺവീനറും, അസിസ്റ്റന്റ് ഡയറക്ടർ/ടെക്നിക്കൽ അസിസ്റ്റന്റ്, അസിസ്റ്റന്റ് ഡയറക്ടർ/ക്വാളിറ്റി കൺട്രോൾ ഓഫീസർ, ജില്ലയിലെ സീനിയർ ക്ഷീര വികസന ഓഫീസർ എന്നിവർ കമ്മിറ്റിയിലെ അംഗങ്ങളുമായിരിക്കും.

മേൽ കമ്മിറ്റി പരിശോധനാ വിധേയമാക്കുന്ന നടപടികളിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

ക്ഷീര വികസന വകുപ്പിന്റെ അനുമതിയില്ലാതെ സ്ഥലം വാങ്ങുക/കെട്ടിടം നിർമ്മിക്കുക മുതലായവയ്ക്ക് സംഘം പൊതുഫണ്ട് വിനിയോഗം പാടില്ല. സംഘത്തിന്റെ ദൈനംദിന വ്യാപാര പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിലായിരിക്കണം പൊതുഫണ്ടിന്റെ വിനിയോഗം. വിനിയോഗിക്കുന്ന തുകയുടെ വ്യാപ്തിയുടെ അടിസ്ഥാനത്തിൽ പൊതുഫണ്ടിൽ നിന്നും ചെലവഴിക്കുന്ന തുക പത്തിൽ അധികരിക്കാത്ത തുല്യഗഡുക്കളായി തിരികെ അടയ്ക്കുന്നതിന് ഭരണസമിതി തീരുമാനം കൈക്കൊള്ളേണ്ടതാണ്.

ഈ ആവശ്യത്തിലേക്കായി രൂപീകരിച്ചിട്ടുള്ള കമ്മിറ്റി സംഘം വാങ്ങിയിട്ടുള്ള സ്ഥലത്തിന്റെ ശരാശരി വില നിശ്ചയിച്ച് മൂല്യ നിർണ്ണയം നടത്തേണ്ടതാണ്. ഇപ്രകാരം നടത്തുന്ന മൂല്യ നിർണ്ണയം വസ്തു വാങ്ങിയ കാലയളവിലെ നാല് വർഷത്തെ ശരാശരി വിലയോ ശരാശരി കമ്പോള വിലയോ സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർവാല്യുവോ ഇതിലേതാണോ കൂടുതൽ ആയത് പരിഗണിക്കാവുന്നതാണ്. കെട്ടിടത്തിന്റെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പൊതുമരാമത്ത്/LSGD വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നായിരിക്കണം.

മുകളിൽ പരാമർശിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടാകണം അംഗങ്ങൾ മൂല്യനിർണ്ണയം നടത്തേണ്ടത്.

B.30.10.18

മേൽ വിവരിച്ച കമ്മിറ്റി അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച അപേക്ഷകളുടെ നിജസ്ഥിതി പരിശോധിച്ച് മൂല്യനിർണ്ണയ കാര്യങ്ങളിൽ അന്തിമതീരുമാനങ്ങൾ എടുത്ത് ഓരോ അപേക്ഷയുടെ കാര്യങ്ങളിലും പ്രത്യേകം ശുപാർശ ചെയ്യേണ്ടതാണ്. ഇപ്രകാരം നിശ്ചയിക്കുന്ന മൂല്യ നിർണ്ണയ സർട്ടിഫിക്കറ്റിന്റെയും ശുപാർശയുടേയും അടിസ്ഥാനത്തിലായിരിക്കും സർക്കാർ അന്തിമ തീരുമാനം കൈക്കൊള്ളുക. മേൽ നടപടികൾ പൂർത്തിയാക്കി 30.11.2018-ന് മുൻപായി സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിക്കുന്നതിനുവേണ്ടി അപേക്ഷ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ്, ശുപാർശ, മേൽ കമ്മിറ്റിയുടെ മിനിട്സ് സഹിതം നൽകുന്നതിന് നിർദ്ദേശിക്കുന്നു

ഡയറക്ടർ/ക്ഷീര സഹകരണ സംഘം
രജിസ്ട്രാർ

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും,
എല്ലാ ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:
1. സെക്രട്ടറി, മൃഗസംരക്ഷണം (ക്ഷീര വികസന വകുപ്പ്) (ആമുഖ കത്ത് സഹിതം)
2. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും
3. സ്റ്റോക്ക് ഫയൽ

B.30.10.18